പാലക്കാട് ജില്ലയിലെ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ

196(2398) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എത്ര കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ പൂട്ടിക്കിടക്കുന്ന കൈത്തറി നെയ്ത്ത് തൊഴിലാളി സഹകരണ സംഘങ്ങളുടെ കണക്ക് താലൂക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(സി) പൂട്ടിക്കിടക്കുന്ന നെയ്ത്തൊഴിലാളി സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം ; വ്യക്തമാക്കാമോ;

(ഡി) പ്രവർത്തനരഹിതമായ കൈത്തറി നെയ്ത്ത് സഹകരണസംഘങ്ങളിലെ കെട്ടിടം ഉൾപ്പെടെയുള്ള ആസ്തികൾ നശിച്ചുപോകുന്നകാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം ആസ്തികൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ;

(ഇ) തകർന്നു കിടക്കുന്ന കൈത്തറി സഹകരണസംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി അതിലെ മെമ്പർമാരെ വിളിച്ചു ചേർത്ത് വിശദമായ ചർച്ചകൾ നടത്തുവാൻ തയ്യാറാകുമോ; എങ്കിൽ അതിനായി ഓരോ ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തി ഉത്തരവു നൽകുമോ; വിശദാംശം ലഭ്യമാക്കാമോ;

(എഫ്) പാലക്കാട് ജില്ലയിലെ പുതുക്കോട് നെയ്ത്ത് സഹകരണസംഘം തുറന്ന് പ്രവർത്തിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദാംശം ലഭ്യമാക്കാമോ ;

(ജി) പ്രസ്തുത സംഘത്തിന്റെ ആസ്തി ബാദ്ധ്യതകൾ സംബന്ധിച്ച് ഒരു സ്റ്റേറ്റ്മെന്റ് പുറപ്പെടുവിക്കാമോ ; പ്രസ്തുത സംഘത്തിന്റെ ചുമതല ആർക്കാണ് നൽകിയിരിക്കുന്നത് ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ 14 കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ടി സംഘങ്ങളുടെ പട്ടിക അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.*

(ബി) പാലക്കാട് ജില്ലയിൽ ആകെ 15 കൈത്തറി നെയ്ത്ത് തൊഴിലാളി സഹകരണ സംഘങ്ങൾ പൂട്ടിക്കിടക്കുന്നു. താലൂക്ക് തലത്തിൽ ചിറ്റൂർ-6, പാലക്കാട്-1, ഒറ്റപ്പാലം-3, മണ്ണാർക്കാട്-2, ആലത്തൂർ-3 എന്നിങ്ങനെയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മിനിമം പത്ത് തറികളെങ്കിലും പ്രവർത്തിപ്പിക്കുന്ന സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഫ്ലാഗ് ഷിപ്പ് പദ്ധതി പ്രകാരം സ്കീം ഉണ്ട്. വർക്കിംഗ് ക്യാപിറ്റൽ ഗ്രാന്റ്, ഇ.എസ്.ഐ./ഇ.പി.എഫ് കുടിശ്ശിക അടയ്ക്കുന്നതിനുള്ള സഹായം, ഉൽപ്പന്ന വൈവിധ്യവത്ക്കരണം എന്നിവയാണ് പദ്ധതികൾ.

(ഡി) ഉണ്ട്. പൂട്ടിക്കിടക്കുന്ന സംഘങ്ങൾ പുനരുജ്ജീവിപ്പിക്കാൻ കഴിയില്ലെങ്കിൽ അങ്ങനെയുള്ള സംഘങ്ങൾ ലിക്വിഡേറ്റ് ചെയ്യാൻ നടപടിയെടുത്തിട്ടുണ്ട്.

(ഇ) ഈ വിഷയത്തിൻമേൽ ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) പൂതുക്കോട് നെയ്ത്ത് സഹകരണ സംഘം തുറന്ന് പ്രവർത്തിക്കുന്നതിനായി നെയ്ത്ത് ജോലി ചെയ്യുവാൻ തയ്യാറുള്ള ആളുകളുടെ ഒരു യോഗം വിളിച്ചു കൂട്ടുന്നതിന് സംഘം ഭരണസമിതിയോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ നെയ്ത്ത് ജോലിയിൽ ഏർപ്പെടുവാൻ തയ്യാറുള്ള ആളുകളില്ലെന്ന് സംഘം അറിയിച്ചതിനെത്തുടർന്ന് മീറ്റിംഗ് നടത്തുവാൻ കഴിഞ്ഞിട്ടില്ല.

(ജി) പൂതുക്കോട് സംഘത്തിന്റെ ആസ്തി ബാധ്യതകൾ അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.*

ഇ-ലേണിംഗ് കോഴ്സുകൾ

197(2399) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. മിഷന്റെ നേതൃത്വത്തിൽ ഇ-ലേണിംഗ് കോഴ്സുകൾ നടപ്പിലാക്കുന്നുണ്ടോ; പ്രസ്തുത കോഴ്സുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം വകുപ്പുകളിൽ ഇ -ഗവേണൻസ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്?

ഉത്തരം

(എ) വിവരസാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തികൊണ്ട് അറിവ് പകർന്നു നൽകുന്നതിനും വകുപ്പുകളെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയും സഹായിക്കുന്നതിനുമായി സംസ്ഥാന ഐ.ടി. മിഷൻ വികസിപ്പിച്ചെടുത്ത പോർട്ടൽ ആണ് ഇ-ലേണിംഗ് കേരള. വിവിധ വിഷയങ്ങളിൽ അവബോധം വളർത്തുവാൻ ഓൺലൈൻ ആയി പഠിക്കാനുള്ള സൗകര്യം ഇതിലുണ്ട്. ഇ-സംഭരണം (ഇ-പ്രൊക്യൂർമെന്റ്), ഇൻഫർമേഷൻ സെക്യൂരിറ്റി എന്നീ വിഷയങ്ങളെ ആസ്പദമാക്കിയുള്ള പാഠഭാഗങ്ങൾ ഈ പോർട്ടലിൽ നിലവിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly